**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** **16-09-2025 - ൽ മറുപടിയ്ക്ക്**

**കലൂർ സ്റ്റേഡിയത്തിലെ കലാപരിപാടിയ്ക്കിടെ എം.എൽ.എയ്ക്ക് ഉണ്ടായ അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | എറണാകുളം കലൂർ ജവഹർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ 2024 ഡിസംബർ 29 ന് നടന്ന കലാപരിപാടിയ്ക്കിടെ സ്ഥലം എം.എൽ.എയ്ക്ക് സംഭവിച്ച അപകടവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എതിരെയാണ് കേസുകൾ എടുത്തിട്ടുള്ളതെന്നും പ്രസ്തുത കേസുകളുടെ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; പ്രസ്തുത കേസുകളുടെ നിലവിലെ അന്വേഷണ സ്ഥിതി വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രസ്തുത സംഭവത്തിൽ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1294/2024 U/s 110 3(5) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ പരിപാടിയുടെ സംഘാടകരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ് പ്രസ്തുത അപകടത്തിന് കാരണമായിട്ടുള്ളതെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ<br>1. നിഗോഷ് കുമാർ (Owner of Mridhanga Vision)<br>2. ഷമീർ എ (CEO of Mridhanga Vision)<br>3. ജനീഷ് പി എസ് (Owner of Oscar Events)<br>4. കൃഷ്ണകുമാർ എം.ഡി (Owner of Events India)<br>5. ബെന്നി (Stage Contractor)<br>എന്നീ അഞ്ചു പേരെ പ്രതികളായി ചേർത്തിട്ടുണ്ട്. കേസിന്റെ അന്വേഷണം പൂർത്തിയാക്കി 27.08.2025 തീയതി ബഹു.എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി - IX മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ? | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ